# അടൂർ ഗോപാലകൃഷ്ണന് ഒരു തുറന്ന കത്ത്

സാർ,

ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്തേക്ക് താങ്കൾ നിയമിതനായത് ഏറെ പ്രതീക്ഷയോടെയാണെന്നാണ് സിനിമയെ സ്നേഹിക്കുന്ന എവരും വീക്ഷിക്കുന്നത്. താങ്കളുടെ നേതൃത്വത്തിൽ വീണ്ടും 'ചിത്രലേഖ'യിൽ ആരംഭിച്ച ഫിലിം സൊസൈറ്റി പ്രസ്ഥാനം, വിപ്ലവകരമായ അഭിരുചി വ്യത്യാസം മലയാള സിനിമാരംഗത്തുണ്ടാക്കി. കുഗ്രാമത്തിലുള്ള ഞാൻ പോലും അക്കാലത്ത് ഏറെ ലോകക്ലാസിക്കുകൾ കണ്ടു. ഇപ്പോൾ കുറേ വർഷങ്ങളായി അന്തർദ്ദേശീയ ഫിലിം ഫെസ്റ്റിവലും മുടങ്ങാതെ നടക്കുന്നു. നല്ല സിനിമാസംസ്കാരമുള്ള ധാരാളം പ്രേക്ഷകർ കേരളത്തിലുണ്ടെന്നു ചുരുക്കം.

പൂനയിൽ നിന്നും അഡയാറിൽ നിന്നും യോഗ്യത നേടി പാസായി വന്ന അനേകം കലാകാരന്മാരും സാങ്കേതികവിദഗ്ദ്ധരും കേരളത്തിൽ ഉണ്ട്. പലരും തൊഴിലും സ്വതന്ത്ര സാഹചര്യങ്ങളും ഇല്ലാതെ അലയുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ വലിയൊരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയല്ല (അങ്ങനെ തീരുമാനമുള്ളതായി പത്രത്തിൽ വായിച്ചു) അടിയന്തിരമായി ചെയ്യേണ്ട കാര്യം എന്ന് ഓർമ്മിപ്പിക്കട്ടെ. ചലച്ചിത്ര അക്കാദമിക്കും കേരളത്തിനും ഓരൾ പൊങ്ങച്ചം പറയാം എന്നതു മാത്രമായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതുകൊണ്ടുള്ള നേട്ടം.

കേരളത്തിൽ എല്ലാ ജില്ലയിലും രണ്ടോ മൂന്നോ ഇടത്തരം തീയേറ്ററുകൾ വീതം നിർമ്മിക്കുകയാണ് പ്രയോജനകരമായ കാര്യം. 'കൈരളി' തീയേറ്റർ കോംപ്ലക്സുകൾ പോലെ ഇരട്ട തീയേറ്ററുകൾ വേണ്ട; മിനിമം സൗകര്യങ്ങളുള്ള ഇടത്തരം തീയേറ്ററുകൾ കഴിയുന്നത്ര കൂടുതൽ എണ്ണം നിർമ്മിക്കാൻ ദീർഘവീക്ഷണവും സിനിമാ മാധ്യമത്തോട് ആത്മാർത്ഥ സ്നേഹവുമുള്ള താങ്കൾ മുൻകൈ എടുക്കണം.

സ്നേഹാദരങ്ങളോടെ

*ജോണി ജെ പ്ലാത്തോട്ടം*

## ഗുജറാത്തിലെ പിറക്കാതെ പോയ കുഞ്ഞുങ്ങൾക്ക്

ഗുജറാത്തിൽ ഭരണകൂടത്തിന്റെ മുൻകയ്യിൽ നടന്ന വംശഹത്യ സംഘപരിവാരത്തിന്റെ ഫാസിസ്റ്റ് കാര്യപരിപാടി അർത്ഥശങ്കക്കിടയില്ലാത്ത വിധത്തിൽ തുറന്ന് കാട്ടിയിരുന്നു. 1930കളിൽ തന്നെ ഗോൾവാൾക്കർ വിഭാവനം ചെയ്ത 'ഹിന്ദുരാഷ്ട്ര' സമിതി മഹാത്മജിയുടെ ജന്മനാടായ ഗുജറാത്തിൽ പുനഃസൃഷ്ടിക്കപ്പെടുകയാണ്. ദേശീയ വിമോചന പോരാട്ടങ്ങളുടെ കാലഘട്ടത്തിൽ ലോകത്തെമ്പാടും സ്പന്ദിച്ചു നിന്നിരുന്ന സാമ്രാജ്യത്വ വിരുദ്ധ, ഫ്യൂഡൽവിരുദ്ധ പ്രസ്ഥാനങ്ങളും ജീവത്തായ നവോത്ഥാനധാരകളും മൂലം തൽക്കാലത്തേക്ക് മാറ്റിവെക്കാൻ സംഘപരിവാരം നിർബന്ധിതമായ നരകീയ പദ്ധതി ഇന്നവർ വീണ്ടും പുറത്തെടുത്തിരിക്കുന്നു.

ഹിന്ദുത്വശക്തികളുടെ ഫാസിസ്റ്റ് അജണ്ടയെ ദൃഢനിശ്ചയത്തോടെ നേരിടാൻ കെൽപ്പുള്ള മതനിർപേക്ഷ, ജനാധിപത്യശക്തികളുടെ വിപുലമായ ഐക്യനിര ഉയർന്ന് വരേണ്ടതുണ്ട്. ഫാസിസ്റ്റ് ശക്തികൾക്കെതിരായ മുൻകൈയിന്റെ ഭാഗമായി സംഘപരിവാരത്തിന്റെ നിന്ദ്യമായ പദ്ധതികൾ വിശകലനം ചെയ്യുന്ന ഒരു ഡോക്യുമെന്ററി നിർമ്മിക്കാൻ സെക്യുലർ കലക്ടീവ് ഉദ്ദേശിക്കുന്നു. ഗുജറാത്തിലെ വംശഹത്യ ആയിരിക്കും ഇതിന്റെ പശ്ചാത്തലം. നരേന്ദ്രമോഡിയെപ്പോലുള്ള വർഗ്ഗീയവാദികളുടെ കാപട്യം തുറന്നു കാട്ടാൻ ഇനി നാം വൈകിക്കൂടാ. ഗുജറാത്തിൽ

**കത്തുകൾ പ്രതികരണങ്ങൾ**

നടന്ന ചുടലനൃത്തത്തിന് മതവിശ്വാസമായോ ആത്മീയതയുമായോ ഒരു ബന്ധവുമില്ലെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. അദ്വാനി പ്രഭൃതികളുടെ ഹിന്ദുത്വത്തിന് ഇന്ത്യയിലെ പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ മതപാരമ്പര്യങ്ങളുമായി പുലബന്ധം പോലുമില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ഈ വിഷമകരമായ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രവർത്തനങ്ങളിലേക്കുള്ള ഒരു എളിയ കാൽവെയ്പായാണ് ഞങ്ങൾ ഈ സംരംഭത്തെ കാണുന്നത്. പുരോഗമന വിശ്വാസികളും ജനാധിപത്യവാദികളും മതനിരപേക്ഷതയിൽ വിശ്വസിക്കുന്നവരുമായ എല്ലാവരോടും നിർദ്ദേശങ്ങളിലൂന്നിയും വിമർശനത്തിലൂടെയും സഹകരിക്കാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

*ടി. കെ. രാമചന്ദ്രൻ*
*കോ- ഓർഡിനേറ്റർ*
*സെക്യുലർ കലക്ടീവ്*

# ഉറവ

## പ്രകൃതിസംരക്ഷണ സമിതി

മലപ്പുറം: പരിസ്ഥിതി- പ്രകൃതിസംരക്ഷണത്തിന്റെ ബോധമുൾക്കൊണ്ട് ആമയം ദേശത്ത് ഉറവ പ്രകൃതി സംരക്ഷണ സമിതി രൂപവത്ക്കരിച്ചു. വിവിധ പ്രദേശങ്ങളിൽ 'പ്രകൃതിപാഠം' പ്രദർശനവും സൗജന്യവൃക്ഷത്തൈ വിതരണവും നടത്താൻ സമിതി ഉദ്ദേശിക്കുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക.

വി. ഫസലുറഹ്മാൻ, വലിയവളപ്പിൽ, പി. ഒ. ചെവല്ലൂർ, മലപ്പുറം-679575